കേരള സർക്കാർ

ത.സ്വ.ഭ.വ - എ. ബി2/107/2016 - ത.സ്വ.ഭ.വ

തദ്ദേശ സ്വയം ഭരണ (എ. ബി) വകുപ്പ്
തിരുവനന്തപുരം, തിയതി: 29/06/2016

## സർക്കുലർ

വിഷയം: - ത സ്വ ഭ വ – പുതിയ ഫാക്ടറികൾ/ഇൻഡസ്ട്രിയൽ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽത്തന്നെ ഇവ സംബന്ധിച്ച വിവരങ്ങൾ ഫാക്ടറീസ് ആന്റ് ബോയിലേർസ് വകുപ്പിന് നൽകണമെന്ന ശുപാർശ- സംബന്ധിച്ച്

സൂചന: - തൊഴിലും നൈപുണ്യവും (ബി) വകുപ്പിന്റെ 11.11.2014 തിയതിയിലെ 24809/ബി2/12/ലേബർ നമ്പർ അനൌദ്യോഗികക്കുറിപ്പ്

ധനകാര്യ പരിശോധനാ വിഭാഗം ഫാക്ടറീസ് ആന്റ് ബോയിലേർസ് വകുപ്പിന്റെ കാര്യാലയത്തിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിൽ ഫാക്ടറികളുടെ ലൈസൻസ് ഫീസ് ശേഖരിക്കുന്നതിൽ ആ വകുപ്പ് വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള പെരുക്കം കാരണം എല്ലാ സ്ഥാപനങ്ങളിലും പോയി പരിശോധിക്കുന്നതിന് ആ വകുപ്പിന് കഴിയാറില്ലെന്നും ആയതിനാൽ പുതിയ ഫാക്ടറികൾ/ഇൻഡസ്ട്രിയൽ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽത്തന്നെ ഇവ സംബന്ധിച്ച വിവരങ്ങൾ ഫാക്ടറീസ് ആന്റ് ബോയിലേർസ് വകുപ്പിന് നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്ന പക്ഷം ഇക്കാര്യത്തിന് പരിഹാരം കാണാവുന്നതാണെന്നും ഫാക്ടറീസ് ആന്റ് ബോയിലേർസ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത അഭിപ്രായം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതത് സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ഫാക്ടറികൾ/ഇൻഡസ്ട്രിയൽ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ആയവ രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽത്തന്നെ ഫാക്ടറീസ് ആന്റ് ബോയിലേർസ് വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതാണെന്ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകുന്നു.

വി.കെ.ബേബി
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (നിയന്ത്രണത്തിലുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനായി)

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ...

Scanned by CamScanner

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ( '' )

ധനകാര്യ വകുപ്പ്

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം (കേരളാ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner